REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 22-09-2024 | സമയം 12.30 AM

---

## പ്രധാന വാർത്തകൾ

- **ക്വാഡ് സംരംഭങ്ങൾക്ക് കീഴിൽ ഇൻഡോ-പസഫിക് രാജ്യങ്ങൾക്കായി 40 ദശലക്ഷം ഡോസ് വാക്സിൻ ഇന്ത്യ സംഭാവന ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി**
- **ജപ്പാൻ -ഓസ്ട്രേലിയൻ പ്രധാനമന്ത്രിമാരുമായി നരേന്ദ്രമോദി ചർച്ച നടത്തി.**
- **കഴിഞ്ഞ വർഷത്തെ തൃശ്ശൂർ പൂരത്തിന്റെ ഗുണപരമായ നടത്തിപ്പിന് ഗവൺമെന്റ് ആവശ്യമായ എല്ലാ ഇടപെടലും നടത്തിയിരുന്നതായി മന്ത്രി K. രാജൻ.**
- **പൂരം അലങ്കോലത്തപ്പെടുത്തലിൽ നടത്തിയ അന്വേഷണം പ്രഹസനമായി മാറിയെന്നും , ജുഡീഷ്യൽ അന്വേഷണം വേണമെന്നും പ്രതിപക്ഷ നേതാവ് VD സതീശൻ**
- **ഇന്ന് ലോക നദി ദിനം.**
- **ഇന്ത്യാ - ബംഗ്ലാദേശ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഇന്ത്യക്ക് തകർപ്പൻ ജയം.**

## വാർത്തകൾ വിശദമായി

ക്വഡ് സംരംഭങ്ങൾക്ക് കീഴിൽ ഇൻഡോ-പസഫിക് രാജ്യങ്ങൾക്കായി 40 ദശലക്ഷം ഡോസ് വാക്സിൻ ഇന്ത്യ സംഭാവന ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ക്വാഡ് ഉച്ചകോടിക്കിടെ ക്യാൻസർ മൂൺഷോട്ട് പരിപാടിയിൽ സംസാരിക്കുകയായിരുന്നു മോദി. ക്യാൻസർ തടയുന്നതിനും കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും നൂതന തന്ത്രങ്ങൾ നടപ്പിലാക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

താങ്ങാനാവുന്നതും ആശ്രയിക്കാവുന്നതും നിലവാരം പുലർത്തുന്നതുമായ ആരോഗ്യ പരിരക്ഷ നൽകുന്നതിലെ ക്വാഡ് രാജ്യങ്ങളുടെ ദൃഢനിശ്ചയം തീരുമാനം പ്രതിഫലിപ്പിക്കുന്നുണ്ടെന്ന് മോദി അഭിപ്രായപ്പെട്ടു. കോവിഡ് കാലത്ത്, ഇൻഡോ-പസഫിക്കിനായി വാക്സിന് ക്വാഡ് മുൻകൈ എടുത്തിരുന്നുവെന്നും ഇപ്പോൾ സെർവിക്കൽ ക്യാൻസർ അടക്കം വെല്ലുവിളികൾ സംയുക്തമായി നേരിടാൻ ഗ്രൂപ്പ് തീരുമാനിച്ചതിൽ സന്തോഷം ഉണ്ടെന്നും നരേന്ദ്ര മോദി പറഞ്ഞു.

✪✪✪

ഡെലവെയറിലെ വിൽമിംഗ്ടണിൽ ക്വാഡ് ലീഡേഴ്സ് ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ജപ്പാൻ പ്രധാനമന്ത്രി ഫ്യൂമിയോ കിഷിദയുമായി കൂടിക്കാഴ്ച നടത്തി. 2022 മാർച്ചിൽ നടന്ന ആദ്യ വാർഷിക ഉച്ചകോടി മുതൽ നടന്ന നിരവധി ആശയവിനിമയങ്ങൾ ഇരു നേതാക്കളും അനുസ്മരിച്ചു.

✪✪✪

ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി അൽബനീസുമായും നരേന്ദ്രമോദി ചർച്ച നടത്തി. ഇൻഡോ-പസഫിക് മേഖലയുടെ സമാധാനം, സ്ഥിരത, അഭിവൃദ്ധി എന്നിവയ്ക്കായി പരസ്പര പ്രയോജനത്തിനും സമഗ്ര തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കാനും തങ്ങളുടെ പ്രതിബദ്ധത ഇരു നേതാക്കളും ആവർത്തിച്ചു. പ്രധാനമന്ത്രി മോദിയുമായി സംസാരിക്കാനും ഇന്ത്യ-ഓസ്ട്രേലിയ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിന് വഴികൾ ചർച്ചചെയ്യാനും സാധിച്ചത് മഹത്തരമാണെന്ന് ഓസ്ട്രേലിയൻ പ്രധാനമന്ത്രി അൽബാനീസ് വിൽമിംഗ്ടണിൽ പറഞ്ഞു.

✪✪✪

ഇൻഡോ-പസഫിക് മേഖലയുടെയും ആഗോള സമൂഹത്തിന്റെയും മൊത്തം വികസന മുൻഗണനകളെ അഭിസംബോധന ചെയ്യുന്നതിന് ക്വഡ് നേതാക്കൾ നിരവധി പ്രഖ്യാപനങ്ങൾ നടത്തി. സെർവിക്കൽ ക്യാൻസറിനെ ചെറുക്കുന്നതിലൂടെ ഇൻഡോ-പസഫിക് മേഖലയിലെ ജീവൻ രക്ഷിക്കാൻ പരസ്പരം പങ്കാളികളാകും. സമുദ്ര സുരക്ഷ മെച്ചപ്പെടുത്തുന്നതിന് 2025-ൽ "ക്വാഡ്-അറ്റ്-സീ ഷിപ്പ് ഒബ്സർവർ മിഷൻ" പ്രഖ്യാപിച്ചു, ഇൻഡോ-പസഫിക്കിലുടനീളം തുറമുഖ ഇൻഫ്രാസ്ട്രക്ചർ വികസനം, മേഖലയിലും അതിനപ്പുറവും ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചർ വികസനം - വിന്യാസം, ക്വാഡിന്റെ അർദ്ധചാലക വിതരണശേഷി വർധിപ്പിക്കുന്നതിന് "അർദ്ധചാലക വിതരണ ശൃംഖലയുടെ കണ്ടിജൻസി നെറ്റ്‌വർക്ക് മെമ്മോറാണ്ടം" എന്നിവയും പ്രഖ്യാപിച്ചു.

ഇൻഡോ- പസിഫിക് വിദ്യാർത്ഥികൾക്കായി ക്വാഡ് STEM ഫെലോഷിപ്പിന് കീഴിൽ ഒരു പുതിയ ഉപവിഭാഗം ഇന്ത്യ പ്രഖ്യാപിച്ചു. ക്വാഡ് നേതാക്കൾ വിൽമിംഗ്ടൺ പ്രഖ്യാപനം അംഗീകരിച്ചു.

✪✪✪

കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി ബോംബെ ഹൈക്കോടതിയില സീനിയർ ജഡ്ജി നിതിൻ മധുകർ ജാംദാറിനെ നിയമിച്ച് കേന്ദ്രം ഉത്തരവിറക്കി. 2023 മെയ് മുതൽ ബോംബെ ഹൈക്കോടതി ആക്ടിംഗ് ചീഫ് ജസ്റ്റിസായി പ്രവർത്തിച്ചുവരികയാണ് ജസ്റ്റിസ് ജാംദാർ.

✪✪✪

കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് അക്കാദമിയിൽ പരിശീലനം പൂർത്തീകരിച്ച 295 ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർമാരുടെയും, 20 ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ ഡ്രൈവർമാരുടെയും സംയുക്ത പാസിംഗ് ഔട്ട് പരേഡ് വൈകിട്ട് തൃശൂരിൽ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ പരേഡിന്റെ സല്യൂട്ട് സ്വീകരിക്കും. വിയ്യൂരിലെ കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് അക്കാദമി പരേഡ് ഗ്രൗണ്ടിലാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് നിപ പരിശോധനയിൽ ഇന്നലെ ആറു പേരുടെ ഫലം കൂടി നെഗറ്റീവായതായി മന്ത്രി വീണാജോർജ് അറിയിച്ചു. ഇതുവരെ 74 പരിശോധനാ ഫലങ്ങളാണ് നെഗറ്റീവായത്. ഇന്നലെ സമ്പർക്കപ്പട്ടികയിൽ പുതുതായി ആരും ഉൾപ്പെട്ടിട്ടില്ല. 267 പേരാണ് ഇതുവരെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്. രോഗലക്ഷണങ്ങളുമായി ഇന്നലെ രണ്ടു പേരെ മഞ്ചേരി മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചു. ഇവരടക്കം നാലു പേർ മഞ്ചേരി മെഡിക്കൽ കോളജിലും, 28 പേരും പെരിന്തൽമണ്ണ MES മെഡിക്കൽ കോളജിലു ചികിത്സയിലാണ്.

✪✪✪

കോഴിക്കോട് ചേവായൂരിലെ CRC സെന്റർ കേന്ദ്ര സാമൂഹിക നീതി സഹമന്ത്രി B.L വർമ്മ ഉച്ചക്ക് ശേഷം സന്ദർശിക്കും. ദിവ്യാംഗർ, അവരുടെ മാതാപിതാക്കൾ, അധ്യാപകർ, ജീവനക്കാർ, വിദ്യാർത്ഥികൾ, തുടങ്ങിയവരുമായി സഹമന്ത്രി സംവദിക്കും. ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങളുടെ വിതരണവും ഇതോടൊപ്പം നടത്തും.

CRC യിൽ ആരംഭിക്കുന്ന ഡിപ്ലോമ കോഴ്സുകളും, സൗജന്യ പരിശീലനവും ഓഡിയോളജി ലാബും അദ്ദേഹം ഉദ്ഘാടനം ചെയ്യും. 'സ്വച്ഛത ഹി സേവാ'

പദ്ധതിയിൽ 'ഏക് പേട് മാം കെ നാം' പരിപാടിയിലും BL വർമ്മ പങ്കെടുക്കും.

✪✪✪

ഇന്നലെ അന്തരിച്ച മുതിർന്ന CPIM നേതാവ് M M ലോറൻസിന്റെ മൃതദേഹം നാളെ രാവിലെ എട്ട് മുതൽ കൊച്ചി ഗാന്ധി നഗറിലെ വീട്ടിലും, പിന്നീട് എട്ടരയോടെ ലെനിൻ സെന്ററിലും, തുടർന്ന് എറണാകുളം ടൗൺ ഹാളിലും പൊതു ദർശനത്തിനു വെയ്ക്കും. അതിനുശേഷം മൃതദേഹം വൈദ്യ ശാസ്ത്ര പഠനത്തിനായി എറണാകുളം മെഡിക്കൽ കോളജിന് കൈമാറും.

✪✪✪

ഇന്ന് ലോക നദി ദിനം. എല്ലാ വർഷവും സെപ്റ്റംബർ മാസത്തിലെ അവസാന ഞായറാഴ്ചയാണ് ലോക നദി ദിനമായി ആചരിക്കുന്നത്. നദികളുടെ പ്രാധാന്യത്തെക്കുറിച്ചും ഭൂമിയിൽ ജീവൻ നിലനിർത്തുന്നതിൽ അവയുടെ പങ്കിനെക്കുറിച്ചും അവബോധം വളർത്താനാണ് ദിനാചരണം.

✪✪✪

പൂരം അലങ്കോലത്തപ്പെടുത്തൽ വിവാദവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ടെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. ഈ വിഷയത്തിൽ എന്തെങ്കിലും പാളിച്ചകളുണ്ടെങ്കിൽ ശക്തമായ നടപടി സ്വീകരിക്കുമെന്നും മന്ത്രി മാധ്യമങ്ങളോട് വ്യക്തമാക്കി. തൃശ്ശൂർ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോൺഗ്രസിന്റെ അന്വേഷണ റിപ്പോർട്ട് എന്താണ് പുറത്ത് വരാത്തതെന്നും റിയാസ് ചോദിച്ചു.

✪✪✪

കഴിഞ്ഞ വർഷത്തെ തൃശ്ശൂർ പൂരത്തിന്റെ ഗുണപരമായ നടത്തിപ്പിന് ഗവൺമെന്റ് ആവശ്യമായ എല്ലാ ഇടപെടലും നടത്തിയിരുന്നതായി മന്ത്രി K. രാജൻ പറഞ്ഞു. പൂരം നടത്തിപ്പുമായി ബന്ധപ്പെട്ട് ഉണ്ടായ സംശയങ്ങൾ ദൂരീകരിക്കപ്പെടണം. ഇത് സംബന്ധിച്ച റിപ്പോർട്ട് പുറത്തുവന്നശേഷം കൂടുതൽ അഭിപ്രായപ്രകടനം നടത്താമെന്ന് മന്ത്രി തൃശൂരിൽ പറഞ്ഞു.

✪✪✪

പൂരം അലങ്കോലത്തപ്പെടുത്തലിൽ നടത്തിയ അന്വേഷണം പ്രഹസനമായി മാറിയെന്നും ഇക്കാര്യത്തിൽ ജുഡീഷ്യൽ അന്വേഷണം വേണമെന്നും പ്രതിപക്ഷ നേതാവ് VD സതീശൻ ആവശ്യപ്പെട്ടു. ആരോപണ വിധേയനായ ADGP കേസ് അന്വേഷിച്ചത് ശരിയായ രീതിയല്ലെന്നും, ആ റിപ്പോർട്ടിന് പ്രസക്തിയില്ലെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു. CPIM, ചരിത്രത്തിലെ

ഏറ്റവും ജീർണ്ണത ബാധിച്ച അവസ്ഥയിലാണിപ്പോൾ. അവരുടെ BJP ബാന്ധവമാണ് ഇപ്പോൾ പുറത്ത് വന്ന് കൊണ്ടിരിക്കുന്നതെന്നും സതീശൻ അഭിപ്രായപ്പെട്ടു.

✪✪✪

മുഖ്യമന്ത്രിക്കും പൊളിറ്റിക്കൽ സെക്രട്ടറിക്കുമെതിരെ ഗുരുതര ആരോപണങ്ങൾ ഉന്നയിച്ച PV അൻവർ MLA യെ പുറത്താക്കാൻ മുഖ്യമന്ത്രി എന്തിനാണ് ഭയക്കുന്നതെന്ന് KPCC അധ്യക്ഷൻ K സുധാകരൻ ചോദിച്ചു. MLA യെ പുറത്താക്കാൻ പല രഹസ്യങ്ങളും പുറത്തുവരുമെന്ന ഭയമാണ് മുഖ്യമന്ത്രിക്കെന്ന് അദ്ദേഹം മധ്യമപ്രവർത്തകരോട് പറഞ്ഞു. CPI ക്കാരെങ്കിലും ഇക്കാര്യത്തിൽ പ്രതികരിക്കണം. കുറ്റക്കാരെ വിമർശിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഇരട്ടമുഖമാണ് മുഖ്യമന്ത്രിക്കെന്നും സുധാകരൻ ആരോപിച്ചു.

✪✪✪

തൃശ്ശൂർ പൂരം വിഷയത്തിൽ നിഷ്പക്ഷ അന്വേഷണം നടത്തണമെന്ന് മുസ്ലീലീഗ് ദേശീയ ജനറൽ സെക്രട്ടറി PK കുഞ്ഞാലിക്കുട്ടി അഭിപ്രായപ്പെട്ടു. ആരോപണ വിധേയനായ ഉദ്യോഗസ്ഥൻ തന്നെ അന്വേഷണം നടത്തിയത് ശരിയായില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. ജനങ്ങൾക്ക് സംരംക്ഷണം നൽകേണ്ട പൊലീസ് തന്നെ തെറ്റായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. മലപ്പുറത്ത് കുറച്ച് കാലമായി പൊലീസിന്റെ പ്രവർത്തനങ്ങൾ ദുരൂഹമാണെന്നും എല്ലാ കാര്യങ്ങളും പുറത്ത് കൊണ്ടുവരേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

PV അൻവർ ഉന്നയിച്ച ആരോപണങ്ങൾ ഗൗരവമേറിയതാണെന്നും അക്കാര്യത്തിൽ നിഷ്പക്ഷമായ അന്വേഷണം വേണമെന്നും കുഞ്ഞാലിക്കുട്ടി ആവശ്യപ്പെട്ടു.

✪✪✪

തൃശൂർ പൂരം വിവാദത്തിലെ അന്വഷണ റിപ്പോർട്ട് അംഗീകരിക്കാനാകില്ലെന്ന് കോൺഗ്രസ് നേതാവ് K. മുരളീധരൻ മാധ്യമങ്ങളോട് പറഞ്ഞു. പൂരം അലങ്കോലമാക്കിയതിന് പിന്നിൽ രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ടെന്നും വിവാദത്തിൽ ജുഡീഷ്യൽ അന്വേഷണം വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

ഇന്ത്യാ - ബംഗ്ലാദേശ് ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഇന്ത്യക്ക് തകർപ്പൻ ജയം. ചെന്നൈയിൽ 280 റൺസിനാണ് ഇന്ത്യ ബംഗ്ലാദേശിനെ പരാജയപ്പെടുത്തിയത്. ഇന്ന് നാല് വിക്കറ്റിന് 158 റൺസെന്ന നിലയിൽ ബാറ്റിംഗ് ആരംഭിച്ച ബംഗ്ലാദേശിന് 234 റൺസെടുക്കാനേ

സാധിച്ചുള്ളൂ. രണ്ടാം ഇന്നിങ്സിൽ ആറുവിക്കറ്റ് വീഴ്ത്തിയ R അശ്വിനാണ് ഇന്ത്യയുടെ വിജയശിൽപി.

✪✪✪

ചെസ് ഒളിമ്പ്യാഡിൽ ഇന്ത്യൻ ടീം രണ്ട് സ്വർണമെഡലുകൾക്കരികിലെത്തി. പുരുഷ വിഭാഗത്തിൽ അമേരിക്കയേയും വനിതാ വിഭാഗത്തിൽ ചൈനയേയും തോൽപ്പിച്ചതോടെയാണ് മെഡൽ ഏറെകുറെ ഉറപ്പായത്. ഇന്ത്യൻ സമയം ഉച്ചക്കാണ് ഫൈനൽ.

✪✪✪

ISL ഫുട്ബോളിൽ ആദ്യ ജയം ലക്ഷ്യമിട്ട് കേരളാ ബ്ലാസ്റ്റേഴ്സ് ഇന്ന് ഈസ്റ്റ് ബംഗാളിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കൊച്ചിയിലാണ് മത്സരം.

✪✪✪

BJP വാഗ്ദാനം ചെയ്ത ഒരു രാഷ്ട്രം ഒരു തെരഞ്ഞെടുപ്പ് പ്രഖ്യാപനം നടപ്പാക്കുമെന്ന് BJP ദേശീയ നിർവ്വാഹക സമിതിയംഗം കുമ്മനം രാജശേഖരൻ പറഞ്ഞു.

അത് ജനങ്ങൾക്ക് കൊടുത്ത ഉറപ്പാണെന്നും വാഗ്ദാനങ്ങൾ നടപ്പാക്കുന്ന ഗവൺമെന്റാണ് രാജ്യം ഭരിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. പുതിയ പദ്ധതികൾ നടപ്പാക്കുമ്പോൾ എതിർപ്പുകളുയരുന്നത് സ്വാഭാവികമാണെന്നും കണ്ണൂരിൽ BJP അംഗത്വ കാമ്പയിൻ അവലോകന യോഗം ഉദ്ഘാടനം ചെയ്യവെ കുമ്മനം പറഞ്ഞു.

✪✪✪

ആലപ്പുഴയിൽ എംപോക്സ് രോഗലക്ഷണങ്ങളോടെ വിദേശത്തുനിന്ന് എത്തിയയാൾ ആലപ്പുഴ മെഡിക്കൽ കോളേജിൽ ചികിത്സ തേടി. ഇദ്ദേഹത്തിന്റെ കുടുംബം ക്വാറന്റൈനിൽ കഴിയുകയാണ്. തിങ്കളാഴ്ചയോടെ പരിശോധനാഫലം പുറത്തുവന്നാൽ മാത്രമേ രോഗം സ്ഥിരീകരിക്കാനാവൂ.

✪✪✪

ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട്ടെ അർജുനടക്കം മൂന്ന് പേർക്കായി ഗംഗാവലി പുഴയിൽ ഡ്രഡ്ജർ ഉപയോഗിച്ച് മണ്ണ് നീക്കി തെരച്ചിൽ പുരോഗമിക്കുന്നു. കഴിഞ്ഞ ദിവസം മുങ്ങൽ വിദഗ്ധൻ ഈശ്വർ മാൽപെയുടെ നേതൃത്വത്തിൽ പുഴയിൽ നടത്തിയ തിരച്ചിലിൽ ചില വാഹനഭാഗങ്ങൾ ലഭിച്ച സ്ഥലം കേന്ദ്രീകരിച്ചാണ് തിരച്ചിൽ.

✪✪✪